LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ (1) പ്രകാരം തൊഴിലാളികൾ 23-10-2014 മുതൽ ജോലിക്ക് ഹാജരാവുമെന്ന് യൂണിയൻ പ്രതിനിധികൾ സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ എസ്റ്റേറ്റ് തുറന്ന് പ്രവർത്തനം നടക്കുന്ന സാഹചര്യത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആശ്വാസ നടപടികൾ നിയമാനുസൃതം കൈക്കൊണ്ടുവരുന്നു. ഇത്തരത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

അന്യ സംസ്ഥാന തൊഴിലാളികളുടെ സ്ഥിതിവിവരക്കണക്ക്

252 (2807) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 30-11-2014 കാലയളവ് വരെ രജിസ്റ്റർ ചെയ്തിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ബാലുശ്ശേരി, കൊയിലാണ്ടി, താമരശ്ശേരി മിനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം

253 (2808) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാബുശ്ശേരി, കൊയിലാണ്ടി, താമരശ്ശേരി മിനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം നടത്തുന്നതിന് കൂടികാഴ്ചക്കുള്ള പട്ടിക തയ്യാറാക്കുന്നതിൽ സീനിയോറിറ്റി മറികിടന്നതായി വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.